GREGORIAN PARISH BULLETIN

മരുഭൂമിയിലെ പരുമല
ST. GREGORIOS ORTHODOX CHURCH SHARJAH

ESTD : 1979 Vol 09/2026

SEPTEMBER 2026 / Pages 8





# സ്ലീബാ പെരുന്നാൾ

**സെപ്റ്റംബർ 14**

സെപ്റ്റംബർ 1 മുതൽ 8 വരെ അമ്മയെ അനുസ്മരിച്ച് നോമ്പ് എടുക്കാറുണ്ട്. അത് സഭയുടെ ഔദ്യോഗിക പെരുന്നാൾ അല്ലല്ലോ. അമ്മയെ സ്മരിക്കുന്നത് ഓഗസ്റ്റ് 1 മുതൽ 15 വരെ ആകയാൽ സ്ലീബാ പെരുന്നാളിനെ കുറിച്ച് അല്പം ചില കാര്യങ്ങൾ: സെപ്റ്റംബർ മാസം സഭയുടെ ഒരു പ്രധാന പെരുന്നാളും സഭയുടെ കലണ്ടർ വർഷത്തിന്റെ അവസാനത്തെ കാലഘട്ടവും ആണ്. മൊത്തം 7 കാലഘട്ടം ഉള്ളതിൽ ഏഴാമത്തത്. ഓരോന്നിനും പ്രത്യേക പ്രാധാന്യങ്ങളുണ്ട്. സെപ്റ്റംബർ 14 മുതൽ സ്ലീബായുടെ കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ അന്ത്യ ന്യായവിധിയാണ് ഓർമ്മപ്പെടുത്തുന്നത്. വായനകളെല്ലാം തന്നെ, ധ്യാനങ്ങൾ എല്ലാം തന്നെ അതിലേക്ക് നയിക്കുന്നു. സ്ലീബായെ കുറിച്ചുള്ള ഒരു പ്രാർത്ഥന ശ്രദ്ധിക്കുക: 'മാലാഖമാർക്ക് ബഹുമാനവും, പിശാചുക്കൾക്ക് ഭയങ്കരവും, സത്യവിശ്വാസികൾക്ക് ബലമുള്ള കോട്ടയുമാകുന്ന ദൈവപുത്രന്റെ വന്ദ്യസ്ലീബാ രാത്രിയിലും പകലും, സന്ധ്യയിലും, പ്രഭാതത്തിലും, മദ്ധ്യാഹ്നത്തിലും, എല്ലാ നാഴികയിലും, എല്ലാ കാലത്തും, എല്ലാ സമയത്തും, നമ്മോടു കൂടെയും, നമ്മുടെ ഇടയിലും ഇരുന്ന് നമ്മെ കാത്തു മറച്ചുകൊള്ളുമാറാകട്ടെ. 'സ്ലീബായിക്ക് ഇത്രയും പ്രാധാന്യം ഉണ്ടായത് ദൈവപുത്രൻ അതിൽ കഷ്ടപ്പാട് അനുഭവിച്ച് മനുഷ്യ വർഗ്ഗത്തെ രക്ഷിച്ചു എന്നതാണ്. അതുവരെ അത് നിന്ദ്യം ആയിരുന്നു. ദൈവപുത്രന്റെ അവതാരം തന്നെ കല്ലടാവിൽ, യുഗ യുഗാന്തരങ്ങളായി അടിഞ്ഞുകൂടിയ മനുഷ്യ, മൃഗ, സസ്യലതാദികളുടെ അവശിഷ്ടത്തിൽ സ്പർശിച്ച് ഭൂമിക്ക്, പിതാവാം ദൈവം ഉൽപ്പത്തി 3:15 നൽകിയ ശാപം നീക്കിക്കൊണ്ടാണ്. അത് അന്ത്യം വരെ തുടർന്നു. അതല്ലല്ലോ നമ്മുടെ ചിന്ത.

സെപ്റ്റംബർ മാസം 14-ാം തീയതിയാണ് യേശുക്രിസ്തുവിനെ ക്രൂശിച്ചതായ സ്ലീബാ കണ്ടെടുത്തതിന്റെ ഓർമ്മ. ഈ പെരുന്നാൾ ആഘോഷത്തിന്റെ അർത്ഥത്തെക്കുറിച്ച് സുറിയാനി പിതാവായ മൂശേ ബർകീപ്പാ പറയുന്നു: "സ്ലീബാ കണ്ടെടുത്തതിന്റെ ഓർമ്മയോടുകൂടെ നമ്മൾ മശിഹായെ അനുസ്മരിക്കുന്നു. എന്തെന്നാൽ മശിഹായുടെ സ്ലീബായുടെയും, അവന്റെ പുനരുത്ഥാനത്തിന്റെയും ഓർമ്മ ഒന്നാകുന്നു. ഈ കുരിശിനെക്കുറിച്ച് പുതിയ നിയമത്തിൽ യാതൊരു പരാമർശവും കാണുന്നില്ല. ഉയർപ്പിനു ശേഷമാണല്ലോ കുരിശിന്റെ പ്രാധാന്യം. യരുശലേമിലെ കൂറിലോസ് ഒരു പ്രസംഗത്തിൽ (ക്രി.വ. 350) കുറേ നാളുകളായി ഈ കുരിശ് യരുശലേമിലെ സഭയുടെ കൈവശമുണ്ടെന്നു പറയുന്നു. ഏഴാം നൂറ്റാണ്ടിൽ കുസ്തന്തീനോപോലീസിൽ രചിക്കപ്പെട്ട 'ക്രോണിക്കോൺ പാസ്ക്കലി' (Chronicon Paschali) എന്ന കൃതിയിൽ കർത്താവിന്റെ സ്ലീബാ എ.ഡി. 320-ൽ സെപ്റ്റംബർ 14-ാം തീയതി കണ്ടെടുത്തു എന്ന് കൃത്യമായി പറയുന്നുണ്ട്. ഈ കണ്ടുപിടുത്തത്തിൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ മാതാവ് ഹേലേനിയെയാണ് പ്രധാന കഥാപാത്രമായി ചിത്രീകരിക്കുന്നത്. എ. ഡി. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മിലാനിലെ അംബ്രോസാണ് രാജ്ഞിയുടെ പങ്കിനെക്കുറിച്ച് ആദ്യം പരാമർശിക്കുന്നത്. അഞ്ചാം നൂറ്റാണ്ടിൽ സുറിയായിൽ നിലനിന്നിരുന്ന പാരമ്പര്യമനുസരിച്ച് ഹേലേനി യെരുശലേമിൽ യഹൂദന്മാരുടെ ഇടയിൽ കുരിശ് അന്വേഷിക്കുകയുണ്ടായി. യൂദാസ് എന്നു പേരുള്ള ഒരു യഹൂദൻ രാജ്ഞിയോട് എല്ലാ വിവരങ്ങളും പറഞ്ഞുകൊടുത്തു. അയാൾ കാണിച്ചു കൊടുത്ത സ്ഥലം കുഴിച്ചു നോക്കിയപ്പോൾ അവിടെ മൂന്നു കുരിശുകൾ കിട്ടി. ഇതിൽ കർത്താവിന്റെ സ്ലീബാ ഏതെന്നു തിരിച്ചറിയുവാനായി അവർ ഓരോ കുരിശും ഒരു മൃതശരീരത്തിന്റെ മേൽ വച്ചുനോക്കി. അവയിൽ ഒരെണ്ണം മൃതശരീരത്തിൽ വച്ചപ്പോൾ അതിനു ജീവൻ കിട്ടി, അങ്ങനെ ആ കുരിശ് കർത്താവിന്റെതാണെന്ന് അവർ തിരിച്ചറിഞ്ഞു. ഈ പാരമ്പര്യമാണ് മലങ്കര ഓർത്തഡോക്സ് സഭയിൽ.



സ്ലീബാ പെരുന്നാൾ ദിവസം രാവിലെ വി.കുർബ്ബാന അർപ്പിക്കണമെന്നതല്ലാതെ മറ്റു പ്രത്യേക ശുശ്രൂഷകളെന്തെങ്കിലും നടത്താനുള്ളതായി ആരാധനാക്രമങ്ങളിൽ കാണുന്നില്ല. കൊയ്ത്തു കാലത്തുവരുന്ന പെരുന്നാളാകയാൽ, പല പള്ളികളിലും, പ്രത്യേകിച്ച് കോട്ടയത്തിനു വടക്കുഭാഗത്തുള്ള പള്ളികളിൽ അവിലും മലരും അരി വറുത്തതും തേങ്ങയും, മറ്റും ചേർത്ത് നേർച്ച നടത്താറുണ്ട്. ഇതിന് 'പുത്തരി പെരുന്നാൾ' എന്നും ആ പ്രദേശങ്ങളിൽ പേര് പറയാറുണ്ട്.

**യുഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത**
അങ്കമാലി മെത്രാസനം

ഗ്രീഗോറിയൻ
സെപ്റ്റംബർ– 2026

ചിങ്ങം – കന്നി 1202

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

ഗ്രീഗോറിയൻ
(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
ലക്കം : 09/2026

വെരി. റവ.ഡോ.അഡ്വ.ഷാജി ജോർജ്ജ്
കോറെപ്പിസ്കോപ്പ
(വികാരി)

റവ. ഫാ. റോബിൻസ് ഡാനിയേൽ
(സഹ. വികാരി)

ശ്രീ.അജി കോശി വർഗീസ്
(ഇടവക ട്രസ്റ്റി)

ശ്രീ.ഷാജി ജോർജ്ജ്
(ഇടവക സെക്രട്ടറി)


ശ്രീ. മാത്യു എബ്രഹാം
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

ശ്രീ. മാത്യൂസ് ജോർജ്
(ഇടവക പ്രതിനിധി)

പ്രസാധകർ
ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവക
(ഇടവക അംഗങ്ങൾക്ക് മാത്രം)

ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
e-mail: gulfparumala@gmail.com

## Vicar's Message



Blessings to you in the name of the Almighty God. During the month of September, we commemorate the birth of Mother Mary, the faithful are observing these eight days lent with more reverence and prayers even if these days are not declared as canonical lent period. May the intercession of St. Mary be a great fortress for us. In this bulletin, I would like to write on a universal rule as 'Living in gratitude is a way to be at peace'.

Let me begin with a short illustration, a wife and mother of four children sighed as she faced the kitchen sink after dinner. It was overflowing with dirty dishes which she had to wash, dry and put away. Suddenly, she remembered the lines she had heard as a child: "Thank God for dirty dishes, they have a tale to tell: while other folks go hungry, we are eating pretty well. With home, health and happiness, we shouldn't want to fuss: for by this stack of evidence, God is very good to us". Count your blessings and thank God for every living moment, for God's generosity to you is infinite.

Why should I be grateful? Most of us would agree that complaining and criticising can make life bitter and sour, while being grateful makes us positive, happy and optimistic; it helps us to see the bright side of life.

It teaches us the art of appreciation. Some experts believe that we lack the spirit of gratitude because we take things for granted. The street urchin into whose hands you drop a packet of biscuits looks up to you with a smile. He has known what it is to be hungry. He knows the value of those biscuits. What do we do when some one takes the trouble to shop and plan and cook and clean, so that a plate of hot food is put before us at regular intervals? We make faces and complain that the dish is either too spicy or not spicy enough; that it is boring; it is not our favourite recipe that has been served; and that the vegetables on the plate are not the ones we like.

May be we need to go without the things we take for granted, to be able to appreciate what we have. Now give me one good reason why we should allow ourselves to go through a loss just to realise the value of what we already have?

When you become aware of all that you have to be grateful for, when you actually begin to count your blessings, you will be overwhelmed with gratitude for all that God has bestowed on you so unstintingly. Your peaceful sleep, your dearest wish is just to see you happy, your friends who add value to your life, your good health which you utterly fail to appreciate until you fall ill, the fresh air and sunlight around you, the marvels of technology which had made your life so easy, society and community which let you live in peace and order – where would you be without them all?

Let us thank God for sorrow – it teaches us pity and compassion. Let us thank God for pain and illness – we learn forbearance and patience. Let us thank God for friends who let us down and hurt us – for we learn the divine quality of forgiveness therefrom. Let us thank God for suffering – it teaches us courage. Let us thank God for disappointments – for they teach us to be ready for His appointment!

When we thank the Lord all the time, we build for ourselves a ladder of consciousness on which we can climb and touch the very pinnacle of peace.

May God bless you all.

Yours in Him

**With Prayers,**
**Very Rev. Dr.Adv. Shaji George Cor-Episcopos**

# പ്രാർത്ഥിച്ചോണം..പ്രവർത്തിച്ചോണം..പ്രകാശിച്ചോണം



മലയാളികളായ നമ്മൾക്ക് വീണ്ടുമൊരു പൊന്നോണം കൂടി കഴിഞ്ഞു. തുമ്പപ്പൂവും പൂവിളികളും ഓണക്കോടിയും വിഭവസമൃദ്ധമായ സദ്യയുമൊക്കെയായി നന്മയുടെയും സമൃദ്ധിയുടെയും ഓർമ്മകളെ നമ്മൾ വീണ്ടും നെഞ്ചിലേറ്റുന്നു. എന്നാൽ, ഈ ആഘോഷത്തിന്റെ പശ്ചാത്തലം പരിശോധിച്ചാൽ ഇന്ന് നാം എത്തിനിൽക്കുന്നത് വലിയൊരു വൈരുദ്ധ്യത്തിലാണ്.

കഴിഞ്ഞ കുറച്ചു ആഴ്ചകളിലായി നമ്മൾ കേട്ട വാർത്തകൾ ഏതൊരു മലയാളിയുടെയും മനസ്സിനെ മുറിവേൽപ്പിക്കുന്നതാണ്. സ്വന്തം മുത്തശ്ശനെ കൊല്ലാൻ ക്വൊട്ടേഷൻ നൽകുന്ന പേരക്കുട്ടികൾ, ഒരു ഐഫോൺ വാങ്ങാൻ സാധിക്കാത്തതിന്റെ പേരിൽ ജീവനൊടുക്കുന്ന കൗമാരങ്ങൾ, മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന പ്രകൃതിദുരന്തങ്ങൾ, ലോകത്തെമ്പാടും പടർന്നുപിടിക്കുന്ന യുദ്ധങ്ങൾ... സ്നേഹവും മൂല്യങ്ങളും ചോർന്നുപോകുന്ന ഒരു സമൂഹത്തിന്റെ കയ്പേറിയ യാഥാർത്ഥ്യങ്ങളാണ് നമ്മുടെ മുന്നിലുള്ളത്.

ഇത്തരമൊരു അന്തരീക്ഷത്തിൽ, ഒരു മലയാളിയായ ക്രൈസ്തവന് എങ്ങനെ ഓണം ആഘോഷിക്കാൻ സാധിക്കും? വിനാശകരമായ വാർത്തകൾക്കിടയിൽ ഓണത്തിന് എന്തെങ്കിലും പ്രസക്തിയുണ്ടോ?

**തകരുന്ന കുടുംബബന്ധങ്ങളും മാവേലിനാടിന്റെ സങ്കൽപ്പവും**

'കള്ളമില്ലാ ചെറു കള്ളത്തരങ്ങളുമില്ലാ, എള്ളോളമില്ലാ വഞ്ചന' എന്ന സങ്കൽപ്പത്തിൽ നിന്നാണ് ഓണത്തിന്റെ പ്രസക്തി ആരംഭിക്കുന്നത്. എന്നാൽ ഇന്ന് വഞ്ചനയും അതിക്രമങ്ങളും സ്വന്തം കുടുംബങ്ങളിലേക്ക് പോലും കടന്നുവന്നിരിക്കുന്നു. മുത്തശ്ശന്റെ ജീവനേക്കാൾ പണത്തിനും സ്വത്തിനും വില കൽപ്പിക്കുന്ന ഒരു തലമുറ വളരുമ്പോൾ, നാം കൈവിട്ടത് നമ്മുടെ പാരമ്പര്യത്തെയും ധാർമ്മികതയെയുമാണ്.

ഈ സാഹചര്യത്തിൽ, ഓണം വെറുമൊരു പൂക്കളമിടലോ സദ്യയുണ്ണലോ മാത്രമല്ല. മറിച്ച്, നഷ്ടപ്പെട്ടുപോയ മാനവിക മൂല്യങ്ങളെ തിരിച്ചുപിടിക്കാനുള്ള ഒരു ആഹ്വാനമാണ്. ക്രൈസ്തവ വിശ്വാസപ്രകാരം, കുടുംബബന്ധങ്ങളെയും മുതിർന്നവരെയും ബഹുമാനിക്കേണ്ടത് ദൈവീക കൽപ്പനയാണ്. 'നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് നിനക്ക് ദീർഘായുസ്സ് ഉണ്ടാകേണ്ടതിന് നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക' (പുറപ്പാട് 20:12) എന്ന തിരുവചനം ഈ കാലഘട്ടത്തിൽ നാം വീണ്ടും ഓർക്കേണ്ടതുണ്ട്.

**ഭൗതികതയുടെ അടിമത്തവും വിശുദ്ധ വേദപുസ്തക നിലപാടും**

ഐഫോണിന് വേണ്ടി ജീവനൊടുക്കുന്ന കുട്ടിയുടെ വാർത്ത വിരൽ ചൂണ്ടുന്നത് ഇന്നത്തെ തലമുറ നേരിടുന്ന രൂക്ഷമായ ഭൗതികതയുടെ ആസക്തിയിലേക്കാണ്. സാധനങ്ങൾ മനുഷ്യനേക്കാൾ പ്രിയപ്പെട്ടതാവുകയും, ആഗ്രഹങ്ങൾ സാധിക്കാത്തപ്പോൾ ജീവൻ പോലും തൃണവൽഗണിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം രൂപപ്പെട്ടിരിക്കുന്നു. ഇവിടെയാണ് വിശുദ്ധ ഭേദപുസ്തകത്തിലെ ആശയങ്ങൾക്ക് ഏറെ പ്രസക്തിയുള്ളത്. 'പിന്നെ അവൻ അവരോട്: സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ; ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത് എന്നു പറഞ്ഞു.' (ലൂക്കോസ് 12:15) എന്ന് യേശുക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു. ഓണം തരുന്ന സന്ദേശം ലളിത ജീവിതത്തിന്റേതാണ്. തുമ്പപ്പൂവും പൂക്കളവും പ്രകൃതിയോട് ചേർന്നുനിൽക്കുന്ന ലളിതമായ സന്തോഷങ്ങളെയാണ് കാണിക്കുന്നത്. കൃത്രിമമായ ആർഭാടങ്ങൾക്കും ഉപകരണങ്ങൾക്കും അപ്പുറം, ജീവന്റെ മൂല്യത്തെ തിരിച്ചറിയാൻ ഈ ഓണക്കാലത്ത് നാം തയ്യാറാകണം.

**ദുരന്തങ്ങളുടെ ലോകത്ത് പ്രത്യാശയുടെ ഓണം**

പ്രകൃതിദുരന്തങ്ങളും യുദ്ധങ്ങളും നമ്മെ ഭീതിയിലാഴ്ത്തുമ്പോൾ, ക്രിസ്ത്യാനിക്ക് ആഘോഷങ്ങൾ കണ്ണടച്ചുള്ള ഒരു പളപളപ്പ് മാത്രമല്ല. അത് ചുറ്റുമുള്ളവരുടെ വേദനയിൽ പങ്കുചേരാനുള്ള അവസരമാണ്. വിശുദ്ധ വേദപുസ്തകത്തിൽ യേശു പഠിപ്പിച്ച 'നല്ല ശമര്യക്കാരന്റെ' ഉപമ ഓണത്തിന്റെ സന്ദേശവുമായി ചേർന്നുനിൽക്കുന്ന ഒന്നാണ്. വഴിയരികിൽ മുറിവേറ്റു കിടക്കുന്നവനെ കണ്ടില്ലെന്ന് നടിക്കാതെ ചേർത്തുപിടിക്കുന്നതാണ് യഥാർത്ഥ അയൽപക്ക ബന്ധം. 'എന്റെ സഹോദരന്മാരിൽ ഏറ്റവും ചെറിയ ഒരുത്തന് നിങ്ങൾ ചെയ്തപ്പോൾ എല്ലാം എനിക്ക് തന്നെ ചെയ്തു' (മത്തായി 25:40) എന്ന ക്രിസ്തുവിന്റെ വാക്കുകൾ ഓണസദ്യയുടെ മേശയിലേക്ക് വരെ വ്യാപിപ്പിക്കണം. ദുരന്തങ്ങളിൽ പെട്ടവരെയും, വയോജനങ്ങളെയും, ആരുമില്ലാത്തവരെയും സഹായിക്കുമ്പോൾ മാത്രമേ നമ്മുടെ ആഘോഷം പൂർണ്ണമാകുകയുള്ളൂ.

**നമ്മൾക്ക് എങ്ങനെ ഓണം ആഘോഷിക്കാം?**

ഒരു മലയാളിയായ ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഓണം എന്നത് വിശ്വാസത്തെ കൈവിട്ടുകൊണ്ടുള്ള ആഘോഷമല്ല, മറിച്ച് സംസ്കാരത്തെയും സൃഷ്ടാവിനെയും നന്ദിയോടെ ഓർക്കുന്ന നിമിഷമാണ്.

**നന്ദിയുടെ ആഘോഷം:** ഭൂമിയുടെ വിളവുകൾക്കും പ്രകൃതിയുടെ സമൃദ്ധിക്കും ദൈവത്തിന് നന്ദി അർപ്പിക്കുക. ദൈവത്തിന്റെ സൃഷ്ടിയെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക.

**കുടുംബ കൂട്ടായ്മ:** ഫോണുകൾക്കും സോഷ്യൽ മീഡിയക്കും അപ്പുറത്തേക്ക് മാറിനിന്ന്, കുടുംബത്തിലെ മുതിർന്നവരോടൊപ്പം സമയം ചെലവഴിക്കുക. തലമുറകൾ തമ്മിലുള്ള അകലം കുറയ്ക്കാൻ ഓണനാളുകൾ ഉപയോഗിക്കുക.

**പങ്കിടലിന്റെ സംസ്കാരം:** നമ്മുടെ സദ്യയുടെ ഒരു പങ്കെങ്കിലും വിശക്കുന്നവനിലേക്ക് എത്തുമ്പോഴാണ് ഓണം അർത്ഥവത്താകുന്നത്. ആർഭാടങ്ങൾ കുറച്ച് ആ പണം പാവപ്പെട്ടവരുടെ കണ്ണീരൊപ്പാൻ ഉപയോഗിക്കുക.

**മാനസിക പിന്തുണ:** വിഷാദത്തിലും നിരാശയിലും കഴിയുന്ന കൗമാരക്കാർക്കും യുവാക്കൾക്കും മറ്റുള്ളവർക്കും തുണയാകുക. ജീവിതത്തിന്റെ വലിയ മൂല്യങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.

ഒരുവശത്ത് കണ്ണീരും മറുവശത്ത് ആഘോഷങ്ങളും ഉള്ള ഒരു ലോകത്താണ് നാം ജീവിക്കുന്നത്. മാവേലിനാട് എന്നത് കഴിഞ്ഞുപോയ ഒരു ഭൂതകാലമല്ല, മറിച്ച് സ്നേഹവും നീതിയും സമത്വവും പുലരുന്ന ഒരു ദൈവരാജ്യ സങ്കൽപ്പമാണ്. സ്വാർത്ഥതയും വഞ്ചനയും നിറഞ്ഞ ഈ ആധുനിക ലോകത്ത്, സ്നേഹത്തിന്റെയും നന്മയുടെയും പ്രകാശമായി മാറുവാൻ നമുക്ക് സാധിക്കണം. ഈ ഓണക്കാലം നമ്മുടെ ഉള്ളിലെ ഇരുളിനെ അകറ്റി, ക്രിസ്തീയ സ്നേഹത്തിന്റെയും കരുണയുടെയും സന്ദേശം സമൂഹത്തിൽ പരത്താൻ ഇടയാക്കട്ടെ.

സ്നേഹിച്ചോണം.. സഹകരിച്ചോണം..തിരികെപ്പിടിച്ചോണം.. !


**Fr. Robins Daniel**

Co - Vicar's Message

## സെപ്റ്റംബർ മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ


*ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം*

**സെപ്റ്റംബർ 2**




യൂയാക്കീം മാർ കൂറീലോസ് മെത്രാപ്പോലീത്ത (മുളന്തുരുത്തിപള്ളി).

**സെപ്റ്റംബർ 23**



അന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാരീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത (പഞ്ചിം സെന്റ് മേരീസ് പള്ളി, ഗോവ).

**സെപ്റ്റംബർ 28**



ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത (ആലുവാ തൃക്കുന്നത്ത് സെമിനാരി).

## AREA - PRAYER MEETING DETAILS - SEPTEMBER 2026

| Sl. No. | Area | Name of the Prayer Group | Day of the Meeting | Hosting By |
|---|---|---|---|---|
| 1 | Ajman-Karama<br>Ajman Sanaiya | St. Lukes<br>St. Kuriakose | 1 Sept 2026, 8.30 pm- 9.30 pm | Mr. Biju Parathipallil Mathulla (B-362), Mr. Johnson Cherian (J-497)<br>Mr. Shibu Sabu Varghese (S-575), Mr. Shibu John (S-425) |
| 2 | Umm Al Quwain | St. Marks | 2 Sept 2026, 7.30 pm- 9.00 pm | Well Wisher |
| 3 | Abu Shagarah | St. Thomas | 3 Sept 2026, 8.30 pm-9.30 pm | Mr. Jayan Mathew & Family ( J-228) Mr. Jenu Varughese & Family (J-560)<br>Mr. Jinu Varughese & Family (J-353), Mr. Jose Pappachen Parappallil & Family (P-033)<br>Mr. Reji T. Punnoose & Family (R-037) |
| 4 | Musalla & Al Yarmook | St. Gregorios | 8 Sept 2026, 8.30 pm-9.30 pm | Mr. Varghese P.M (V-196), Mr. Thomas Baby (T- 218), Mr. Mathew K.M (M-247) |
| 5 | Sharjah Cinema Rolla | St. Peters, St. Johns | 10 Sept 2026, 8.30 pm-9.30 pm | Mr. Jacob Mathew (J-137), Mr. Abraham Mathew (A-315) |
| 6 | Maisaloon | St. Baselios | 15 Sept 2026, 8.30 pm-9.30 pm | Mr. Sabu Thomas (S-040) |
| 7 | Al Nahda, Al Wahda, Dubai | St. Dionysius, St.Mathews<br>St.Ignatius | 17 Sept 2026, 8.30 pm-9.30 pm | Mr. Jojy Joseph (J-494), Mr. Leen Koshy Samuel (L-013) |
| 8 | Sharq | St. George | 22 Sept 2026, 8.30 pm-9.30 pm | Mr. Biju Thomas & Family (B-050) |
| 9 | Al Khazamia, B.M.W<br>Sharjah University | St. Stephens, St. Marys<br>St. Behanans | 24 Sept 2026, 8.30 pm-9.30 pm | Mr. Shaji George & Family (S-253)<br>Mr. Mathew John & Family (M-264) |
| 10 | Old Airport & Immigration | St. Pauls | 29 Sept 2026, 8.30 pm-9.30 pm | Well Wisher |

## Orthodox Medical Forum

### The 7–7–7 Rule of Parenting: Small Moments, Lifelong Impact

Parenting is one of God's greatest blessings and responsibilities. Every parent hopes to raise children who are confident, compassionate, resilient, and rooted in strong values. Yet in today's fast-paced world, balancing work, household responsibilities, and digital distractions often limits meaningful family interaction. While we strive to provide good education, comfort, and opportunities, we may unintentionally overlook what children need most: **our presence**.

Research shows that children thrive when they experience secure emotional connections with their parents. They do not measure love by toys or trips, but by moments when they feel heard, valued, and cherished. Even short periods of genuine attention can have a powerful impact on a child's emotional well-being.

One simple and effective approach is the **7–7–7 Rule of Parenting**, which encourages parents to spend **21 minutes of undivided, screen-free attention each day**. This includes **7 minutes in the morning, 7 minutes after school or work, and 7 minutes before bedtime**. Though brief, these intentional moments nurture trust, connection, and emotional security.

In the **morning**, spending a few minutes sharing breakfast or offering encouragement sets a positive tone for the day. An **afternoon check-in** allows parents to listen attentively to a child's experiences without rushing or judging. The **bedtime wind-down** provides calm reassurance through stories, prayer, or reflection, helping children feel safe and loved before sleep.

This simple routine creates consistency and predictability, reducing anxiety and fostering confidence and resilience. Just **21 minutes a day** can strengthen relationships and leave a lifelong impression.

As Christian parents, reflecting God's love through our daily presence, patience, and care speaks louder than words. Children may forget what we gave them, but they will always remember that we were there for them.

**Reference: Kennedy, B. (2025). *What is the 7-7-7 rule in parenting?* Good Inside.** https://www.goodinside.com/blog/what-is-the-7-7-7-rule-in-parenting/

**Rekha Biju Varghese**

**Nurse supervisor – Patient safety and Risk Management**

**Dubai Health**

OMF പ്രാർത്ഥനായോഗങ്ങൾ എല്ലാ ശനിയാഴ്ചയും ഓൺലൈനായി വൈകിട്ട് 4 മണി മുതൽ കൂടി വരുന്നു.

## ENGLISH HOLY QURBANA

English Holy Qurbana will be held On Sunday evening, September 27

മരുഭൂമിയിലെ പരുമല

ST. GREGORIOS ORTHODOX CHURCH SHARJAH

## സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പ് ( SJOF )

### 2026 - 2027 പ്രവർത്തന വർഷത്തെ ഭാരവാഹികൾ

VICAR/ PRESIDENT



Very Rev. Dr.Adv. Shaji George Cor-Episcopos

CO-VICAR/VICE PRESIDENT



Rev. Fr. Robins Daniel

VICE PRESIDENT



Mr. Varghese George

SECRETARY



Mr. Varghese Johnson

TREASURER



Mr. Babu Oonnuni

JOINT SECRETARY



Smt. Susan Jose

JOINT TREASURER



Smt. Leelamma Thampi

COMMITTEE MEMBER



Mr. Shaji Thomas

COMMITTEE MEMBER




Mr. Koshy Kunju

## വി. വേദവായന കുറിപ്പ്

| | |
|---|---|
| 06-Sep 4th Sunday after the festival of the Dormition of St. Mary | : St. Matthew 5 : 38 - 48 |
| 13-Sep 5th Sunday after the festival of the Dormition of St. Mary | : St. Luke 11: 33 - 41 |
| 14-Sep Feast of the Holy Cross | : St. Luke 21:5-28 |
| 20-Sep 1st Sunday after the Feast of Holy Cross | : St. Mark 13: 28 -37 |
| 27-Sep 2nd Sunday after the Feast of Holy Cross | : St. Mathew 16: 5-12 |

## യാത്രയയപ്പ്



SHYJAN KOSHY (S-887)
2024 മുതൽ ഇടവകാംഗം




VINCENT MATHEW (V-100)
2005 മുതൽ ഇടവകാംഗം



THANKACHAN MATHAI (T-075)
1999 മുതൽ ഇടവകാംഗം

ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.



സെപ്റ്റംബർ മാസം 10 - 13 വരെ ഇടവക സന്ദർശനം നടത്തുന്ന മദ്രാസ് ഭദ്രാസനാധിപനും , ഇടവക മെത്രാപ്പോലീത്തയുമായ H.G. Geevarghese Mar Philexinos തിരുമേനിക്കു മരുഭൂമിയിലെ പരുമലയിലേക്കു ഹൃദ്യമായ സ്വാഗതം.

# ഈലൂൽ – സെപ്റ്റംബർ

2. യൂയാക്കീം മാർ കൂറീലോസ് മെത്രാപ്പോലീത്താ യുടെ 152–ാം ഓർമ്മ. (മുളന്തുരുത്തിപ്പള്ളി).
**6. വാങ്ങിപ്പുപെരുന്നാളിനുശേഷം നാലാം ഞായർ.**
8. വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ.
9. വി. ദൈവമാതാവിന്റെ മാതാപിതാക്കളായ യൂയാക്കീമിന്റെയും, ഹന്നായുടെയും ഓർമ്മ.
**13. വാങ്ങിപ്പുപെരുന്നാളിനുശേഷം അഞ്ചാം ഞായർ.**
14. സ്ലീബാ പെരുന്നാൾ.
15. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 114–ാം വാർഷികം.
**20. സ്ലീബാപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ.**
23. വാഴ്ത്തപ്പെട്ട അന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 103–ാം ഓർമ്മ. (പഞ്ചിം സെന്റ് മേരീസ് പള്ളി, ഗോവ).
24. പേർഷ്യക്കാരനായ മാർ ദീമത്തിന്റെ ഓർമ്മ.
25. അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ യുടെ 132–ാം ഓർമ്മ.
**27. സ്ലീബാപ്പെരുന്നാളിനുശേഷം രണ്ടാം ഞായർ.**
28. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 29–ാം ഓർമ്മ. (ആലുവാ തൃക്കുന്നത്ത് സെമിനാരി).

## 2026 സെപ്റ്റംബർ മാസം – ഒറ്റനോട്ടത്തിൽ

1 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മദ്ധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ 8 DAY LENT BEGINS
2 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
3 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മദ്ധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
4 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
5 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
6 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
7 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന FEAST OF THE BIRTH OF ST MARY, THE MOTHER OF JESUS CHRIST
8 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/മദ്ധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
9 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന/സന്ധ്യാ നമസ്കാരം
10 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/മദ്ധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
11 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
12 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
13 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന THE FEAST OF HOLY CROSS
14 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
15 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/മദ്ധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
16 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
17 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മദ്ധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
18 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
19 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
20 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
21 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
22 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/മദ്ധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
23 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന/സന്ധ്യാ നമസ്കാരം
24 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/മദ്ധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
25 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
26 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
27 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
28 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
29 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/മദ്ധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
30 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന/സന്ധ്യാ നമസ്കാരം

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| A-474 | ABHISHEK MATHEW JOSEPH | AND | 050-8259501 |
| B-487 | BIJIN KURIAN | RLA | 056-5514372 |
| J-883 | JOHNSON THOMAS | AND | 052-4833452 |
| S-946 | SHARON K RAJAN | SJU | 052-1679889 |
| S-947 | SACHU PHILIPS ABRAHAM | AND | 056-5414294 |

## UMM AL QUWAIN SERVICE

UAQ ഏരിയയിലെ സെപ്റ്റംബർ മാസത്തെ വി:കുർബ്ബാന 16-09-2026 ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് സന്ധ്യാ നമസ്കാരത്തോടു കൂടി UAQ prayer hallൽ വെച്ച് ആരംഭിക്കുന്നതാണ്.

## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:15 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday | 6:15 pm | Evening Prayer |
| Evening | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Other | 5.30 am | Night Prayer, Morning Prayer |
| Days | 7.00 pm | Evening Prayer |

## MARTHMARIYAM VANITHA SAMAJAM

മർത്ത്മറിയം വനിതാ സമാജത്തിന്റെ റെഗുലർ മീറ്റിംഗ് സെപ്റ്റംബർ 13, 27 തീയതികളിൽ നടത്തപ്പെടുന്നതും, മെഡിക്കൽ സെൽ സെപ്റ്റംബർ 6, 20 തീയതികളിൽ പ്രവർത്തിക്കുന്നതും ആയിരിക്കും.






മർത്ത്മറിയം വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ ഒരു മാസമായി നടന്നു വന്നിരുന്ന വിശുദ്ധ വേദപുസ്തക പാരായണം വന്ദ്യ വൈദികരും മർത്ത്മറിയം വനിതാ സമാജം ഭാരവാഹികളും ചേർന്ന് പൂർത്തീകരിച്ചു.

വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിനോട് അനുബന്ധിച്ചു ഓഗസ്റ്റ് 12ന് നടത്തപ്പെട്ട സുവിശേഷയോഗത്തിനും, ഗാനശുശ്രൂഷയ്ക്കും, നേർച്ച ക്രമീകരണത്തിനും മർത്ത്മറിയം വനിതാ സമാജം നേതൃത്വം നൽകി.

# 80ാം ഇന്ത്യൻ സ്വാതന്ത്ര്യ ദിനാഘോഷം





## OCYM

**September മാസം 6 , 20 തീയതികളിൽ 11:00 മണിക്ക് റെഗുലർ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്.**





OCYM-RAK യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ, പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിനോടനുബന്ധിച്ച് നടത്തിവരുന്ന "ഹദസ്സ" 2026" എവർറോളിങ് ട്രോഫിക്ക് വേണ്ടിയുള്ള ക്രിസ്തീയ ഫ്യൂഷൻ ഗാനമൽസരത്തിൽ നമ്മുടെ യൂണിറ്റിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത ലീൻ കോശി സാമുവേൽ, സോമി കാരാണിയിൽ, ആൽബി രഞ്ജി (കീ ബോർഡ്) എന്നിവർക്ക് ഒന്നാം സ്ഥാനം ലഭിച്ചിരിക്കുന്നു. അതോടൊപ്പം OCYM UAE - മേഖലയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ ചിന്താവിഷയമായ മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പിൻ (Therefore bear fruits worthy of repentance, St. Mathew 3:8) എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട ഉപന്യാസ രചനയിൽ ഇംഗ്ലീഷ് വിഭാഗത്തിൽ ഉമ്മൻ പി.ഉമ്മൻ ഒന്നാം സ്ഥാനവും, മലയാളം വിഭാഗത്തിൽ ജിനു തോമസ് ജോൺ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയിരിക്കുന്നു. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ.




## MGOCSM

A truly blessed and memorable Summer Camp 2026, jointly organised by Sunday School & MGOCSM, marked a beautiful journey of faith, learning, self-discovery, creativity, and fellowship.

Enriched by the guidance of our Vicars, Managing Committee members, inspiring speakers, a dedicated coordinator Ms.Tanya Leon, Sunday School and MGOCSM officials, committee members, volunteers, and the enthusiastic participation of our wonderful children made the camp truly a meaningful experience.

## SUNDAY SCHOOL

- Sunday School classes will resume after summer holidays on September-6.
- Students of Grade 1 and above are requested to complete their Internal Assessments (Prayer, Hymn, Memory verses) and submit their Project at the earliest.
- Annual Unit-level Competitions for Action Song, Story Telling & Bible Reading have been cancelled. Competitions for Drawing & Colouring and Memory Verse Writing have been indefinitely postponed.
- Students appearing for OSSAE-OKR Board exams of Grade X and Grade XII should register through link provided in class groups, and pay Exam fee to teacher by September-13.
- A Training session for Sunday School Teachers called "Breaking Walls, Building Bridges" led by Mrs Saino George Kurian shall be held on September 6th after morning shift Sunday School, along with Teachers' Council meeting.

# SUMMER CAMP 2026 by Sunday School & MGOCSM




**Summer Camp 2026** was successfully held on 29 th August Saturday with **Ms Tanya Leon as Coordinator**





Over 220 students from Sharjah, AlAin, Fujairah and Ras Alkhaimah Sunday Schools attended classes by **Very Rev. Dr. Adv. Shaji George Cor Episcopos** on ‘Time Management”, by **Rev. Fr. Cherian Joseph** on **“Personal Spirituality”** and by **Dr. Veena Vijayakumary** on **“Emotional Compass”** & “Mental Reset”






Children enjoyed the Band, R.I.S.E. activities, Games and TRACK workshops on their choice of interests

# ശൂനോയോ നോമ്പും വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാളും








# പ്രാർത്ഥനാശംസകൾ

**വെരി. റവ. ഫാ. തോമസ് പോൾ റമ്പാൻ (53)**



എറണാകുളം കിഴില്ലം ഉദയഗിരി മാർ ഗ്രീഗോറിയോസ് പള്ളി വികാരി. അങ്കമാലി ഭദ്രാസനത്തിലെ കോതമംഗലം മാർ തോമ്മാ ചെറിയ പള്ളി ഇടവകാംഗം. മാറാച്ചേരിൽ പരേതരായ എം ടി പൗലോസിന്റെയും കെ എം ചിന്നമ്മയുടെയും മകൻ

**റവ. ഫാ. എൽദോസ് എ. എ (46)**



പരുമല സെമിനാരി മാനേജർ. മലബാർ ഭദ്രാസനത്തിലെ മലപ്പുറം എടക്കര സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. അമ്പാട്ടുപൊട്ടയ്ക്കൽ ഏലിയാസിന്റെയും റബേക്കയുടെയും മകൻ

**റവ. ഫാ. സാംജി. റ്റി. ജോർജ് (51)**



കൊല്ലം ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ മാനേജർ. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. താഴത്തേടത്ത് ബംഗ്ലാവിൽ പരേതരായ സണ്ണി ജോർജിന്റെയും അമ്മിണി ജോർജിന്റെയും മകൻ

**റവ. ഫാ. ഷിബു വേണാട് മത്തായി (53)**



ഫിലാഡൽഫിയ ബെൻസാലേം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി. സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ തമിഴ്നാട് നീലഗിരി താളൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. വേണാട് പരേതരായ വി. വൈ. മത്തായിയുടെയും,സാറാമ്മ മത്തായിയുടെയും മകൻ

**മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ ഓഗസ്റ്റ് മാസം 27 നു ചേർന്ന മലങ്കര അസോസിയേഷൻ യോഗത്തിൽ നിന്ന് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട വന്ദ്യ വൈദീക ശ്രേഷ്ഠർക്ക് മരുഭൂമിയിലെ പരുമലയുടെ പ്രാർത്ഥനാശംസകൾ.**

# HARVEST FESTIVAL COMMITTEE- 2026

VICAR

Very Rev. Dr.Adv. Shaji George Cor-Episcopos

CO-VICAR

Rev. Fr. Robins Daniel

Hon. Parish Trustee

Mr. Aji Koshy Varghese
0556811527

Hon. Parish Secretary

Mr. Shaji George
0529621821

General Convenor

Mr.Shibu T.P
0508597505

Jt.General Convenor

Mr. Manoj C. George
0507466218

Jt.General Convenor

Mr. Thomas Puthukulangara
0547770992

Finance Convenor

Mr. Bijo Kaleekkal
0504566322

Jt. Finance Convenor

Mr. Jobin Varghese
0503722112

Food Committee Convenor

Mr. Sabu K. Oommen
0506793116

Jt. Food Committee Convenor

Mr. Jose Thomas
0508622107

Jt. Food Committee Convenor

Mrs. Jolly Daniel
0566079441

Reception Convenor


Mr. Freddie M. Jacob
0555719011

Jt.Reception Convenor

Mr. Jayan Joy
0504614637

Publicity Convenor

Mr. Jogy Joseph
0556535927

Jt. Publicity Convenor

Mr. Jithin George
0509020149

Item Collection Convenor

Mr. Joji T. Mathew
0542459193

Jt. Item Collection Convenor

Mr. Rijo Joy
0555543590

Program Convenor

Mr. Roney Thomas
0504628371

Jt. Programme Convenor

Mr. Alex Varghese
0547678555

Stalls, Stage & Light Convenor

Mr. John Daniel
0558045217

Jt.Stalls, Stage & Light Convenor

Mr. Ajin Yohannan
0501348760

Volunteers Convenor

Mr. Prince Chacko
0551463139

Jt. Volunteers Convenor

Mr. Eby Samuel
0505972159

Auction Convenor

Mr. Binu Mathew
0505978432

Jt. Auction Convenor

Mr. Binu John
0561288195